കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആശ്രയ പദ്ധതിയുടെ വിപുലീകരണം - രണ്ടാം ഘട്ട പ്രോജക്ട് ആരംഭിക്കുന്നതിനായി നിഷ്ക്കർഷിച്ചിരുന്ന വ്യവസ്ഥ ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(എം. എസ്)നം. 27/2013/തസ്വഭവ. തിരുവനന്തപുരം, തീയതി, 19/01/2013.

---

പരാമർശം (1) 16-06-2012 ലെ സ.ഉ. (എം.എസ്) നമ്പർ 170/2012/തസ്വഭവ
(2) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 01/11/2012 ലെ കെ. എസ്. എൽ/2261/2009 നമ്പർ കത്ത്.

ഉത്തരവ്

സംസ്ഥാന സർക്കാരിന്റെ ഒന്നാം വാർഷികത്തിന്റെ ഭാഗമായി, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ കുടുംബശ്രീ മുഖേന നടപ്പിലാക്കി വരുന്ന ആശ്രയ പദ്ധതി കൂടുതൽ വിപുലമാക്കുന്നതിനും, അർഹതപ്പെട്ട എല്ലാ ജനവിഭാഗങ്ങളേയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുമുള്ള നിർദ്ദേശങ്ങൾ നൽകി പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ് പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ആശ്രയപദ്ധതി നടപ്പാക്കുന്നതിനായി വകയിരുത്തിയിട്ടുള്ള ഫണ്ടിൽ അടിസ്ഥാന സൗകര്യവികസനം ഒഴികെയുള്ള ഘടകങ്ങൾക്കുവേണ്ടി അനുവദിച്ച തുകയുടെ 50% ഉപയോഗിച്ചുകഴിഞ്ഞ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് രണ്ടാംഘട്ട പ്രോജക്ട് ആരംഭിയ്ക്കാവുന്നതാണെന്ന് അനുശാസിച്ചിരുന്നു.

ഇനിയും ആശ്രയ പദ്ധതിയിൽ ഉൾപ്പെടാനുള്ള മുഴുവൻ പേരേയും പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ആശ്രയ പദ്ധതി ഏറ്റെടുത്ത എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും, തുകയുടെ വിനിയോഗം പരിഗണിക്കാതെതന്നെ നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി രണ്ടാംഘട്ട പ്രോജക്ട് ആരംഭിയ്ക്കുന്നതിനുള്ള അനുമതി നൽകുന്ന തരത്തിൽ പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം - 2 ലെ കത്തിലൂടെ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആശ്രയ പദ്ധതിയുടെ വിപുലീകരണം സംബന്ധിച്ച് പരാമർശം - 1 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവിലെ ''തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആശ്രയ പദ്ധതി നടപ്പാക്കുന്നതിനായി വകയിരുത്തിയിട്ടുള്ള ഫണ്ടിൽ അടിസ്ഥാന സൗകര്യവികസനം (സ്ഥലം, വീട് നിർമ്മാണം, വീട് പുനരുദ്ധാരണം, കക്കൂസ് തുടങ്ങിയവ) ഒഴികെയുള്ള ഘടകങ്ങൾക്ക് വേണ്ടി അനുവദിച്ച തുകയുടെ 50% ഉപയോഗിച്ചു കഴിഞ്ഞ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് രണ്ടാംഘട്ട പ്രോജക്ടുകൾ ആരംഭിയ്ക്കുന്നതിന് അനുമതി നൽകുന്നു'' എന്ന വ്യവസ്ഥ ഒഴിവാക്കിക്കൊണ്ട് ആശ്രയ പദ്ധതി ഏറ്റെടുത്ത എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും തുകയുടെ വിനിയോഗം പരിഗണിക്കാതെ തന്നെ നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി രണ്ടാം ഘട്ട ആശ്രയ പ്രോജക്ട് ആരംഭിക്കുന്നതിനുള്ള അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

പരാമർശം-1 ലെ സർക്കാർ ഉത്തരവ് മുകളിൽ വിവരിച്ച ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം.
വി. എസ്. സെന്തിൽ
പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.

മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം.
ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്, തിരുവനന്തപുരം
കമ്മീഷണർ, ഗ്രാമവികസന വകുപ്പ്, തിരുവനന്തപുരം
എല്ലാ ജില്ലാകളക്ടർമാർക്കും (                                        )
എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപന പ്രസിഡന്റ്/സെക്രട്ടറിമാർക്കും
(കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം)
എല്ലാ കോർപ്പറേഷൻ മേയർമാർക്കും
(കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം)
എല്ലാ ജില്ലാ ആസൂത്രണ സമിതികൾക്കും
(കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം)
ധനകാര്യവകുപ്പ്
പൊതുഭരണ (എസ്സ്.സി) വകുപ്പ്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പാങ്ങപ്പാറ, തിരുവനന്തപുരം
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനായി)
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
സഞ്ചിത ഫയൽ/ ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

പകർപ്പ്: 1. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. ബഹു. പഞ്ചായത്തും സാമൂഹ്യ ക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
3. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ യ്ക്ക്